തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള
തിരഞ്ഞെടുപ്പിൽ രാഷ്ട്രീയ പാർട്ടികളും
സ്ഥാനാർത്ഥികളും പാലിക്കേണ്ട

# മാതൃകാ പെരുമാറ്റ സംഹിത

**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കേരളം**

**2010**

**തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളും പാലിക്കേണ്ട മാതൃകാ പെരുമാറ്റ സംഹിത.**

## I പൊതുവായ പെരുമാറ്റം.

1. വിവിധ ജാതികളും സമുദായങ്ങളും തമ്മിൽ മതപരമോ ഭാഷാപരമോ ആയ സംഘർഷങ്ങൾ ഉളവാക്കുന്നതോ, നിലവിലുള്ള ഭിന്നതകൾക്ക് ആക്കം കൂട്ടുന്നതോ പരസ്പരവിദ്വേഷം ജനിപ്പിക്കുന്നതോ ആയ ഒരു പ്രവർത്തനത്തിലും രാഷ്ട്രീയ പാർട്ടികളോ സ്ഥാനാർത്ഥികളോ ഏർപ്പെടുവാൻ പാടില്ല. അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് മൂന്നു വർഷം വരെ തടവോ പതിനായിരം രൂപവരെ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ശിക്ഷ ലഭിക്കും. (1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 121-ാം വകുപ്പും കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 145-ാം വകുപ്പും കാണുക).

2. മറ്റു രാഷ്ട്രീയ പാർട്ടികളെ വിമർശിക്കുമ്പോൾ അത് അവരുടെ നയങ്ങളിലും പരിപാടികളിലും, പൂർവ്വകാല ചരിത്രത്തിലും പ്രവർത്തനങ്ങളിലും മാത്രമായി ഒതുക്കി നിറുത്തേണ്ടതാണ്. മറ്റു പാർട്ടികളുടെ നേതാക്കന്മാരുടേയും പ്രവർത്തകരുടേയും പൊതു പ്രവർത്തനവുമായി ബന്ധമില്ലാത്ത സ്വകാര്യ ജീവിതത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് പാർട്ടികളും സ്ഥാനാർത്ഥികളും വിമർശിക്കരുത്. അടിസ്ഥാനരഹിതമായതോ വളച്ചൊടിച്ചതോ ആയ ആരോപണങ്ങൾ ഉന്നയിച്ച് മറ്റ് പാർട്ടികളെയും അവയിലെ പ്രവർത്തകരെയും വിമർശിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

3. ജാതിയുടെ പേരിലും സമുദായത്തിന്റെ പേരിലും വോട്ടു ചോദിക്കാൻ പാടില്ല. പള്ളികൾ, ചർച്ചുകൾ, ക്ഷേത്രങ്ങൾ, മറ്റ് ആരാധന സ്ഥലങ്ങൾ എന്നിവ തിരഞ്ഞെടുപ്പ് പ്രചരണത്തിനുള്ള വേദിയായി ഉപയോഗിക്കരുത്.

4. ഏതെങ്കിലും സ്ഥാനാർത്ഥിക്കോ സമ്മതിദായകനോ അവർക്ക് താല്പര്യമുള്ള വ്യക്തികൾക്കോ എതിരെ സാമൂഹിക ബഹിഷ്കരണം/ സാമൂഹിക - ജാതിഭ്രഷ്ട് തുടങ്ങിയ ഭീഷണികൾ പുറപ്പെടുവിക്കരുത്. (കേരള

പഞ്ചായത്ത് രാജ് ആക്ട് 120-ാം വകുപ്പും കേരള മുനിസിപ്പാലിറ്റി ആക്ട് 144-ാം വകുപ്പും കാണുക).

5. സമ്മതിദായകർക്ക് കൈക്കൂലി നൽകുക, ഭീഷണിപ്പെടുത്തുക, സമ്മതിദായകരായി ആൾമാറാട്ടം നടത്തുക, മുനിസിപ്പാലിറ്റിയുടെ കാര്യത്തിൽ പോളിംഗ് സ്റ്റേഷന്റെ 100 മീറ്ററിനുള്ളിലും പഞ്ചായത്തിന്റെ കാര്യത്തിൽ 200 മീറ്ററിനുള്ളിലും വോട്ടു പിടിക്കുക, വോട്ടെടുപ്പ് അവസാനിപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയത്തിന് തൊട്ടുമുമ്പുള്ള 48 മണിക്കൂർ സമയത്ത് പൊതുയോഗങ്ങൾ നടത്തുക, പോളിംഗ് സ്റ്റേഷനിലേക്കും അവിടെ നിന്നും സമ്മതിദായകരെ വാഹനങ്ങളിൽ കൊണ്ടുപോകുക തുടങ്ങിയ പ്രവർത്തികൾ തിരഞ്ഞെടുപ്പ് നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങളാണ്. (കേരള പഞ്ചായത്ത് രാജ് ആക്ട് 120, 122, 127 വകുപ്പുകളും കേരള മുനിസിപ്പാലിറ്റി ആക്ട് 145, 146, 151 വകുപ്പുകളും കാണുക).

6. ഒരു വ്യക്തിയുടെ രാഷ്ട്രീയാഭിപ്രായങ്ങളോടും പ്രവർത്തനങ്ങളോടും മറ്റു രാഷ്ട്രീയ പാർട്ടികൾക്കും സ്ഥാനാർത്ഥികൾക്കും എത്രതന്നെ എതിർപ്പുണ്ടായാലും സമാധാനപരമായും അലട്ടലില്ലാതെയും സ്വകാര്യ ജീവിതം നയിക്കുന്നതിനുള്ള അയാളുടെ അവകാശത്തെ മാനിക്കേണ്ടതാണ്. വ്യക്തികളുടെ അഭിപ്രായങ്ങളിലും പ്രവർത്തനങ്ങളിലും പ്രതിഷേധം രേഖപ്പെടുത്തുന്നതിനായി അവരുടെ വീടിനു മുമ്പിൽ പ്രകടനങ്ങൾ സംഘടിപ്പിക്കുക, പിക്കറ്റു ചെയ്യുക തുടങ്ങിയ രീതികൾ ഒരു കാരണവശാലും അവലംബിക്കരുത്.

7. ഒരു വ്യക്തിയുടെ സ്ഥലം, കെട്ടിടം, മതിൽ തുടങ്ങിയവ അയാളുടെ അനുവാദം കൂടാതെ കൊടിമരം നാട്ടുന്നതിനോ, ബാനറുകൾ കെട്ടുന്നതിനോ, പരസ്യം ഒട്ടിക്കുന്നതിനോ, മുദ്രാവാക്യങ്ങൾ എഴുതുന്നതിനോ ഉപയോഗിക്കാൻ രാഷ്ട്രീയകക്ഷികളോ സ്ഥാനാർത്ഥികളോ അവരുടെ അനുയായികളെ അനുവദിക്കാൻ പാടില്ല.

8. സർക്കാർ ആഫീസുകളിലും അവയുടെ കോമ്പൗണ്ടിലും പരിസരത്തും ചുവർ എഴുതാനോ, പോസ്റ്റർ ഒട്ടിക്കാനോ, ബാനർ, കട്ട് ഔട്ട് തുടങ്ങിയവ സ്ഥാപിക്കാനോ പാടില്ല. ഏതെങ്കിലും പൊതുസ്ഥലത്ത് പരസ്യങ്ങളും ബോർഡുകളും മറ്റ് പ്രചരണോപാധികളും സ്ഥാപിക്കുന്നതിന് തടസ്സമില്ലെങ്കിൽ അവിടെ പരസ്യങ്ങൾ സ്ഥാപിക്കുന്നതിന് എല്ലാ രാഷ്ട്രീയകക്ഷികൾക്കും സ്ഥാനാർത്ഥികൾക്കും തുല്യ അവസരം നൽകണം. ഏതെങ്കിലും പ്രത്യേക പാർട്ടിക്കോ സ്ഥാനാർത്ഥിക്കോ മാത്രമായി ഒരു പൊതുസ്ഥലവും നീക്കി വച്ചിട്ടില്ലെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്. പൊതുജനങ്ങൾക്ക് അസൗകര്യമോ ശല്യമോ ഉണ്ടാകുന്ന വിധത്തിൽ പ്രചരണ സാമഗ്രികൾ (കൊടി, ബാനർ, പോസ്റ്റർ, കട്ടൗട്ട്) സ്ഥാപിക്കാൻ പാടില്ല. പരസ്യങ്ങൾക്ക് വേണ്ടിവരുന്ന ചെലവ് സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ചെലവ് കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

9. രാഷ്ട്രീയ പാർട്ടികളോ സ്ഥാനാർത്ഥികളോ ഏതെങ്കിലും പൊതുസ്ഥലമോ സ്വകാര്യസ്ഥലമോ പരസ്യങ്ങൾ സ്ഥാപിച്ചോ മുദ്രാവാക്യങ്ങൾ എഴുതിയോ വികൃതമാക്കിയതായി പരാതി ലഭിച്ചാൽ അവ ഉടൻ നീക്കം ചെയ്യാൻ ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ നോട്ടീസ് നൽകേണ്ടതാണ്. നോട്ടീസ് ലഭിച്ചിട്ടും അവ നീക്കം ചെയ്തില്ലെങ്കിൽ അവ നീക്കം ചെയ്യുന്നതിന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കുകയും അതിനു വേണ്ടിവരുന്ന ചെലവ് ബന്ധപ്പെട്ട സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ചെലവിനോട് ചേർക്കുകയും ചെയ്യേണ്ടതാണ്.

## II യോഗങ്ങൾ

1. ക്രമസമാധാനം പാലിക്കുന്നതിനും ഗതാഗതം നിയന്ത്രിക്കുന്നതിനും, ആവശ്യമായ ഏർപ്പാടുകൾ ചെയ്യാൻ പോലീസിന് സാദ്ധ്യമാകത്തക്കവിധം യോഗംനടത്തുന്ന സ്ഥലവും സമയവും ബന്ധപ്പെട്ട പാർട്ടിയോ സ്ഥാനാർത്ഥിയോ സ്ഥലത്തെ പോലീസ് അധികാരികളെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

2. മറ്റു പാർട്ടികളുടെ യോഗങ്ങളും, ജാഥകളും തങ്ങളുടെ അനുയായികൾ തടസ്സപ്പെടുത്തുകയോ, അവയിൽ ഛിദ്രമുണ്ടാക്കുകയോ ചെയ്യുകയില്ലെന്ന് രാഷ്ട്രീയ പാർട്ടികളും, സ്ഥാനാർത്ഥികളും ഉറപ്പുവരുത്തേണ്ടതാണ്. ഒരു രാഷ്ട്രീയപാർട്ടിയുടെ പ്രവർത്തകരോ അനുഭാവികളോ തങ്ങളുടെ പാർട്ടിയുടെ ലഘുലേഖ വിതരണം ചെയ്തോ, നേരിട്ടോ, രേഖാമൂലമായോ, ചോദ്യങ്ങൾ ഉന്നയിച്ചോ, മറ്റൊരു രാഷ്ട്രീയ പാർട്ടി

സംഘടിപ്പിക്കുന്ന പൊതുയോഗങ്ങളിൽ കുഴപ്പങ്ങൾ ഉണ്ടാക്കാൻ പാടില്ല. ഒരു പാർട്ടിയുടെ യോഗം നടന്നുകൊണ്ടിരിക്കുന്ന സ്ഥലത്തുകൂടി മറ്റൊരു പാർട്ടി ജാഥ നടത്തുവാൻ പാടില്ല. ഒരു പാർട്ടിയുടെ ചുമർ പരസ്യങ്ങൾ മറ്റു പാർട്ടികളുടെ പ്രവർത്തകർ നീക്കം ചെയ്യരുത്.

3. യോഗം നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് ഏതെങ്കിലും നിയന്ത്രണ ഉത്തരവോ നിരോധനാജ്ഞയോ പ്രാബല്യത്തിൽ ഇല്ല എന്ന് പാർട്ടിയോ സ്ഥാനാർത്ഥിയോ ഉറപ്പുവരുത്തേണ്ടതാണ്. അത്തരത്തിലുള്ള ഏതെങ്കിലും ഉത്തരവുകൾ നിലവിലുണ്ടെങ്കിൽ അവ കർശനമായി പാലിക്കേണ്ടതുമാണ്. ഇവയിൽ നിന്ന് ഒഴിവാക്കപ്പെടണമെങ്കിൽ അതിനായി മുൻകൂട്ടിത്തന്നെ അപേക്ഷിച്ച് അനുമതി നേടേണ്ടതാണ്.

4. പൊതുയോഗങ്ങൾ തടസ്സപ്പെടുത്തുകയോ യോഗസ്ഥലത്ത് ക്രമരഹിതമായി പ്രവർത്തിക്കുകയോ അതിന് പ്രേരിപ്പിക്കുകയോ ചെയ്യുന്നവർക്ക് മൂന്നു മാസംവരെ തടവോ ആയിരം രൂപാവരെ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ ശിക്ഷ ലഭിക്കുന്നതാണ്. (കേരള പഞ്ചായത്ത് രാജ് ആക്ട് 123-ാം വകുപ്പ്/കേരള മുനിസിപ്പാലിറ്റി ആക്ട് 147-ാം വകുപ്പ് കാണുക).

5. യോഗങ്ങൾ നടത്തുന്നതിന് ഉച്ചഭാഷിണിയോ മറ്റു സൗകര്യമോ ഉപയോഗിക്കുന്നതിന് അനുവാദം ലഭിക്കേണ്ടതുണ്ടെങ്കിൽ പാർട്ടിയോ സ്ഥാനാർത്ഥിയോ കാലേകൂട്ടി ബന്ധപ്പെട്ട അധികാരികളിൽ നിന്ന് അനുവാദം വാങ്ങേണ്ടതാണ്.

6. സർക്കാരിന്റേയോ സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടേയോ ഉടമസ്ഥതയിലുള്ള ഹാളുകളിൽ യോഗങ്ങൾ നടത്താൻ അനുവദിക്കുകയാണെങ്കിൽ ഇപ്രകാരം യോഗങ്ങൾ നടത്തുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും സ്ഥാനാർത്ഥികൾക്കും തുല്യ അവസരം നൽകേണ്ടതാണ്. ഇത്തരം യോഗങ്ങൾ അവസാനിച്ചാൽ ഉടൻ തന്നെ അവിടെ സ്ഥാപിച്ചിട്ടുള്ള എല്ലാവിധ പ്രചരണ സാമഗ്രികളും സംഘാടകർ നീക്കം ചെയ്യേണ്ടതാണ്.

7. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മൈതാനങ്ങൾ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട രാഷ്ട്രീയ പ്രചരണങ്ങൾക്കോ, റാലികൾക്കോ ഉപയോഗിക്കാൻ പാടില്ല.



## III ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങളിലെ പരസ്യങ്ങൾ

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് രാഷ്ട്രീയകക്ഷികളും സ്ഥാനാർത്ഥികളും ടെലിവിഷൻ, റേഡിയോ തുടങ്ങിയ മാദ്ധ്യമങ്ങളിൽ പരസ്യങ്ങൾ നൽകുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.

## IV ജാഥകൾ

1. ജാഥകൾ സംഘടിപ്പിക്കുമ്പോൾ രാഷ്ട്രീയ പാർട്ടിയോ സ്ഥാനാർത്ഥിയോ ജാഥ തുടങ്ങുന്ന സമയം, സ്ഥലം, പോകേണ്ട വഴി, ജാഥ അവസാനിക്കുന്ന സമയം, സ്ഥലം എന്നിവ മുൻകൂട്ടി തീരുമാനിക്കേണ്ടതാണ്. സാധാരണ ഗതിയിൽ അതിൽ മാറ്റം വരുത്തുവാൻ പാടില്ല.

2. ആവശ്യമായ ഏർപ്പാടുകൾ ഉണ്ടാക്കുന്നതിന് പോലീസ് അധികാരികൾക്ക് സാധിക്കത്തക്കവണ്ണം പരിപാടിയെപ്പറ്റി പോലീസ് അധികാരികളെ സംഘാടകർ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

3. ജാഥകൾ കടന്നുപോകുന്ന സ്ഥലങ്ങളിൽ ഒരു തരത്തിലുള്ള നിരോധന ഉത്തരവുകളും പ്രാബല്യത്തിലില്ലായെന്ന് സംഘാടകർ ഉറപ്പുവരുത്തേണ്ടതാണ്. അത്തരം നിരോധനഉത്തരവുകളിൽ നിന്ന് ഒഴിവാക്കാത്ത പക്ഷം നിരോധനഉത്തരവുകൾ കർശനമായി പാലിക്കേണ്ടതാണ്.

4. ഗതാഗത തടസ്സം ഉണ്ടാകാത്തവിധത്തിൽ ജാഥയുടെ ഗതി നിയന്ത്രിക്കാൻ സംഘാടകർ മുൻകൂട്ടി നടപടി എടുക്കേണ്ടതാണ്. ജാഥ വളരെ നീണ്ടതാണെങ്കിൽ, സൗകര്യപ്രദമായ ഇടവേളകളിൽ ജാഥ മുറിച്ചുകടക്കുന്നതിന് പൊതുജനങ്ങൾക്ക് സൗകര്യം നൽകേണ്ടതും ഗതാഗതസ്തംഭനം പൂർണ്ണമായും ഒഴിവാക്കേണ്ടതുമാണ്.

5. ജാഥകൾ കഴിയുന്നിടത്തോളം റോഡിന്റെ ഒരുവശത്ത് വരത്തക്കവണ്ണം ക്രമപ്പെടുത്തേണ്ടതും ഡ്യൂട്ടിയിലുള്ള പോലീസിന്റെ നിർദ്ദേശവും ഉപദേശവും കർശനമായി പാലിക്കേണ്ടതുമാണ്.

6. രണ്ടോ അതിലധികമോ രാഷ്ട്രീയപാർട്ടികളോ സ്ഥാനാർത്ഥികളോ ഏകദേശം ഒരേ സമയത്തു തന്നെ ഒരേ വഴിയിൽകൂടെയോ, അതിന്റെ ഭാഗങ്ങളിലൂടെയോ ജാഥ നടത്താൻ ഉദ്ദേശിക്കുന്നുവെങ്കിൽ, സംഘാടകർ കാലേ

കൂട്ടി പരസ്പരം ബന്ധപ്പെടേണ്ടതും ജാഥകൾ തമ്മിലുള്ള സംഘട്ടനം ഒഴിവാക്കുന്നതിനും ഗതാഗത തടസ്സം സൃഷ്ടിക്കാതിരിക്കുന്നതിനും വേണ്ട നടപടികൾ എടുക്കുന്നതിനെപ്പറ്റി തീരുമാനിക്കേണ്ടതുമാണ്. തൃപ്തികരമായ ഏർപ്പാടുകളിലെത്തിച്ചേരുന്നതിന് ലോക്കൽ പോലീസിന്റെ സഹായം ഉപയോഗപ്പെടുത്തേണ്ടതാണ്. ഈ ആവശ്യത്തിനുവേണ്ടി എത്രയും നേരത്തെ തന്നെ രാഷ്ട്രീയപാർട്ടികൾ പോലീസുമായി ബന്ധപ്പെടേണ്ടതാണ്.

7. ജാഥാംഗങ്ങൾ ദുരുപയോഗപ്പെടുത്താൻ സാദ്ധ്യതയുള്ള വസ്തുക്കൾ ജാഥയിൽ കൊണ്ടുനടക്കുന്നത് കർശനമായി തടയേണ്ടതാണ്.

8. ജാഥയിൽ കോലങ്ങൾ കൊണ്ടുപോകുന്നതും, കത്തിക്കുന്നതും കർശനമായി ഒഴിവാക്കേണ്ടതാണ്.

## V വാഹനങ്ങൾ

വാഹനങ്ങളിൽ ലൗഡ്സ്പീക്കർ ഘടിപ്പിച്ചോ മറ്റ് തരത്തിലോ മാറ്റങ്ങൾ വരുത്തണമെങ്കിൽ അത് മോട്ടോർവാഹന ആക്ടും മറ്റ് നിയമങ്ങളും കർശനമായി പാലിച്ചുകൊണ്ടായിരിക്കണം. ബന്ധപ്പെട്ട അധികാരികളിൽ നിന്നും ആവശ്യമായ അനുമതി വാങ്ങിയശേഷം മാത്രമേ വാഹനങ്ങളിൽ രൂപമാറ്റം വരുത്തി പ്രത്യേക പ്രചരണ വാഹനമായോ വീഡിയോരഥമായോ ഉപയോഗിക്കുവാൻ പാടുള്ളൂ.

## VI വോട്ടെടുപ്പുദിവസം

1. വോട്ടർമാർക്ക് നിർഭയമായി സമ്മതിദാനാവകാശം വിനിയോഗിക്കുന്നതിനുള്ള പൂർണ്ണ സ്വാതന്ത്ര്യം ഉറപ്പുവരുത്താൻ തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥൻമാരുമായി സഹകരിക്കേണ്ടതാണ്.

2. രാഷ്ട്രീയപാർട്ടികൾ അവരവരുടെ അംഗീകൃത പ്രവർത്തകർക്ക് അനുയോജ്യമായ ബാഡ്ജുകളും ഐഡന്റിറ്റി കാർഡുകളും നൽകേണ്ടതാണ്.

3. സമ്മതിദായകർക്ക് വിതരണം ചെയ്യുന്ന സ്ലിപ്പുകൾ വെള്ള കടലാസിൽ ആയിരിക്കണം. അവയിൽ സ്ഥാനാർത്ഥിയുടെയോ പാർട്ടിയുടെയോ പേരോ, ചിഹ്നമോ ഉണ്ടാകാൻ പാടില്ല.



4. വോട്ടെടുപ്പു ദിവസവും അതിനുമുമ്പുള്ള 24 മണിക്കൂറിനുള്ളിലും മദ്യം നൽകുകയോ വിതരണം നടത്തുകയോ ചെയ്യരുത്.

5. സംഘട്ടനവും സംഘർഷവും ഒഴിവാക്കുന്നതിനായി പോളിംഗ് ബൂത്തുകൾക്ക് സമീപം രാഷ്ട്രീയ കക്ഷികളും സ്ഥാനാർത്ഥികളും നിർമ്മിക്കുന്ന ക്യാമ്പിന്റെ പരിസരത്ത് ആൾക്കൂട്ടം ഒഴിവാക്കേണ്ടതാണ്.

6. സ്ഥാനാർത്ഥികളുടെ ക്യാമ്പുകൾ ആർഭാടരഹിതമാണെന്ന് ഉറപ്പു വരുത്തണം. അവയിൽ ചുവർ പരസ്യങ്ങളോ, കൊടികളോ, ചിഹ്നമോ മറ്റ് പ്രചാരണ വസ്തുക്കളോ പ്രദർശിപ്പിക്കരുത്. ക്യാമ്പുകളിൽ ആഹാരപദാർത്ഥങ്ങൾ വിതരണം ചെയ്യാൻ പാടില്ല.

7. വോട്ടെടുപ്പു ദിവസം വാഹനങ്ങൾ ഓടിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ പാലിക്കുന്നതിന് അധികാരികളുമായി സഹകരിക്കുകയും അതിനായി പെർമിറ്റ് വാങ്ങി അതാത് വാഹനങ്ങളിൽ വ്യക്തമായി പ്രദർശിപ്പിക്കുകയും ചെയ്യേണ്ടതാണ്.

## VII. പോളിംഗ് ബൂത്ത്

സമ്മതിദായകർ ഒഴികെ, തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിയമാനുസൃതമായ പാസില്ലാത്ത ആരും പോളിംഗ് ബൂത്തുകളിൽ പ്രവേശിക്കുവാൻ പാടില്ല.

## VIII നിരീക്ഷകർ

സ്ഥാനാർത്ഥികൾക്കോ അവരുടെ ഏജന്റുമാർക്കോ തിരഞ്ഞെടുപ്പ് നടത്തിപ്പിനെ സംബന്ധിച്ച് എന്തെങ്കിലും വ്യക്തമായ പരാതികളോ പ്രശ്നങ്ങളോ ഉണ്ടെങ്കിൽ അവ തിരഞ്ഞെടുപ്പ് കമ്മീഷൻ നിയമിക്കുന്ന നിരീക്ഷകരുടെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണ്.

## IX അധികാരത്തിലിരിക്കുന്ന പാർട്ടി

1 കേന്ദ്രത്തിലോ സംസ്ഥാനത്തിലോ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലോ അധികാരത്തിലിരിക്കുന്ന പാർട്ടി അതിന്റെ ഔദ്യോഗിക സ്ഥാനം തിരഞ്ഞെടുപ്പ് പ്രചാരണാവശ്യത്തിലേക്കായി ദുരുപയോഗപ്പെടുത്തരുത്. പ്രത്യേകിച്ച് ,-

(എ) മന്ത്രിമാർ, എം.പിമാർ, എം.എൽ.എമാർ, മേയർ, ഡെപ്യൂട്ടി മേയർ, ചെയർപേഴ്സൺ, വൈസ് ചെയർ പേഴ്സൺ, പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ എന്നിവരുടെ ഔദ്യോഗിക യാത്രകൾ തിരഞ്ഞെടുപ്പു പ്രചാരണവുമായി ബന്ധപ്പെടുത്തുകയോ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ഔദ്യോഗിക സംവിധാനമോ ജീവനക്കാരെയോ ഉപയോഗിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(ബി) അധികാരത്തിലിരിക്കുന്ന പാർട്ടിയുടെ താല്പര്യാർത്ഥം സർക്കാർ വാഹനങ്ങൾ ഉപയോഗിക്കുവാൻ പാടുള്ളതല്ല.

2. പൊതുസമ്മേളനത്തിനായി ഉപയോഗിക്കുന്ന പൊതുസ്ഥലങ്ങളും, മൈതാനങ്ങളും അതുപോലെതന്നെ ഹെലിപ്പാഡുകൾ തുടങ്ങിയവയും ഭരണ കക്ഷിയുടെ മാത്രം ഉപയോഗത്തിനായി കൈയടക്കിവയ്ക്കാൻ പാടുള്ളതല്ല. മേൽപ്പറഞ്ഞ സ്ഥലങ്ങൾ ഭരണകക്ഷിക്കാർക്ക് ലഭ്യമായ അതേ വ്യവസ്ഥയിൽ തന്നെ മറ്റു കക്ഷികൾക്കും ലഭ്യമാക്കേണ്ടതാണ്.

3 റെസ്റ്റ് ഹൗസുകൾ, ഗസ്റ്റ് ഹൗസുകൾ തുടങ്ങിയവയിലെ സ്ഥല സൗകര്യങ്ങൾ പ്രചാരണ ഓഫീസായോ, സമ്മേളന സ്ഥലമായോ ഉപയോഗിക്കാൻ പാടുള്ളതല്ല.

4 തിരഞ്ഞെടുപ്പ് സമയത്ത് അധികാരത്തിലിരിക്കുന്ന പാർട്ടിയുടെ താത്പര്യത്തിനായി അവരുടെ ഭരണനേട്ടങ്ങളെക്കുറിച്ച് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ ചെലവിൽ വർത്തമാനപ്പത്രങ്ങളിലോ, മറ്റു മാദ്ധ്യമങ്ങളിലോ പരസ്യങ്ങൾ നൽകാൻ പാടില്ല.

5 തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനുശേഷം മന്ത്രിമാരോ, എം.പിമാരോ, എം.എൽ.എ. മാരോ, മേയർമാരോ, ഡെപ്യൂട്ടി മേയർമാരോ, ചെയർ പേഴ്സണോ, ഡെപ്യൂട്ടി ചെയർപേഴ്സണോ, പഞ്ചായത്ത് പ്രസിഡന്റുമാരോ, വൈസ് പ്രസിഡന്റുമാരോ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരോ മറ്റ് അധികാരികളോ തങ്ങളുടെ വിവേചനാധികാരമുപയോഗിച്ച് നൽകാവുന്ന ഫണ്ടുകളിൽനിന്ന് ആനുകൂല്യങ്ങൾ നൽകാൻ പാടുള്ളതല്ല.

6 സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച



തിനുശേഷം, മന്ത്രിമാർ, എം.പിമാർ, എം.എൽ.എ.മാർ, മേയർമാർ, ഡെപ്യൂട്ടി മേയർമാർ, ചെയർ പേഴ്സൺമാർ, ഡെപ്യൂട്ടി ചെയർ പേഴ്സൺമാർ, പഞ്ചായത്ത് പ്രസിഡന്റുമാർ, വൈസ് പ്രസിഡന്റുമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, മറ്റ് അധികാരികൾ തുടങ്ങിയവർ താഴെപറയുന്ന കാര്യങ്ങൾ പാലിക്കേണ്ടതാണ് :-

(എ) പുതിയ ധനസഹായം അനുവദിക്കുകയോ നൽകാമെന്ന് ഉറപ്പ് നൽകുകയോ ചെയ്യാതിരിക്കുക, പുതുതായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാതിരിക്കുക.

(ബി) പുതിയ പദ്ധതികളുടെയോ സ്കീമുകളുടെയോ ഉദ്ഘാടനം, തറക്കല്ലിടൽ മുതലായവ ഒഴിവാക്കുക. റോഡ് നിർമ്മാണം, ശുദ്ധജല വിതരണം, വൈദ്യുതി വിതരണം തുടങ്ങിയവയെക്കുറിച്ച് പുതുതായി ഉറപ്പുകൾ നൽകാതിരിക്കുക.

(സി) സർക്കാരിലോ പൊതുമേഖലാ സ്ഥാപനങ്ങളിലോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലോ ഇടക്കാല/താല്ക്കാലിക നിയമനങ്ങൾ നടത്താതിരിക്കുക.

(ഡി) കേന്ദ്ര-സംസ്ഥാന മന്ത്രിമാർ, എം.പിമാർ, എം.എൽ.എ.മാർ, മേയർ, ഡെപ്യൂട്ടി മേയർ, ചെയർപേഴ്സൺ, ഡെപ്യൂട്ടി ചെയർ പേഴ്സൺ, പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ, സ്ഥാനാർത്ഥി/വോട്ടർ അല്ലെങ്കിൽ ഏജന്റ് എന്നീ നിലയ്ക്കല്ലാതെ പോളിംഗ് സ്റ്റേഷനുകളിലോ കൗണ്ടിംഗ് സ്റ്റേഷനുകളിലോ പ്രവേശിക്കുവാൻ പാടുള്ളതല്ല.

**X** കേന്ദ്ര-സംസ്ഥാന സർക്കാർ ജീവനക്കാരെയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരെയും തിരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കാൻ പാടില്ല.

**XI പ്രാബല്യത്തിൽ വരുന്ന തീയതി**

തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്ന തീയതി മുതൽ മാതൃകാ പെരുമാറ്റസംഹിത പ്രാബല്യത്തിൽ വരുന്നതാണ്.

* * * * * * *